കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ സഹായം

169 (4160) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ഫണ്ട് അനുവദിക്കപ്പെട്ട രോഗി ചികിത്സയ്ക്കിടെ മരണപ്പെട്ടാൽ അനുവദിച്ച തുക, ആശുപത്രി ചെലവിനായി ആശ്രിതർക്ക് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) കാരുണ്യ പദ്ധതി പ്രകാരം വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സംസ്ഥാനത്തെയും പുറത്തെയും അംഗീകൃത ആശുപത്രികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാരുണ്യ ഫണ്ട് അനുവദിക്കപ്പെട്ട രോഗി ചികിത്സയ്ക്കിടെ മരണപ്പെട്ടാൽ അനുവദിച്ച തുക, ആശുപത്രി ചെലവിനായി ആശ്രിതർക്ക് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാരണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അനുവദിക്കുന്ന തുക രോഗി മരിച്ചുപോയതിനുശേഷമാണ് ബന്ധപ്പെട്ട ആശുപത്രിയിൽ ലഭിക്കുന്നതെങ്കിൽ, രോഗി ചികിത്സാ ധനസഹായത്തിനായി അപേക്ഷ നൽകിയ തീയതി മുതൽ മരിച്ചതുവരെയുള്ള ചികിത്സയ്ക്ക് രോഗിയുടെ കയ്യിൽനിന്നും തുക ആ തുക ചെലവായിട്ടുണ്ടെങ്കിൽ ആശുപത്രി ബില്ലുകളുടെ അടിസ്ഥാനത്തിൽ പരമാവധി ചികിത്സാ ധനസഹായ തുകയായ 2 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി റീഇംബേഴ്സ്മെന്റായി അനന്തരാവകാശിക്ക് നൽകുന്നുണ്ട്.

(ബി) കാരുണ്യ പദ്ധതി പ്രകാരം സംസ്ഥാനത്തെ ആധുനിക സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള 72 സ്വകാര്യ ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാണ്. സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* സംസ്ഥാനത്തിന് പുറത്തുള്ള ചികിത്സയ്ക്ക് പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

പരിയാരം മെഡിക്കൽ കോളേജിലെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

170 (4161) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിലെ എത്ര രോഗികൾക്ക് ഇതുവരെ ചികിത്സാധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; എത്ര രൂപയുടെ ചികിത്സാ ധന സഹായമാണ് ഇതുവരെ ഇവിടെ നൽകിയത്; ഇനി ഇവിടെ എത്ര രൂപ കുടിശ്ശികയുണ്ട് ; വിശദാംശം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly